## കവളപ്പാറ അന്തിമഹാകാളൻകാട് സംരക്ഷിക്കുക

### ഭാരതപ്പുഴ സംരക്ഷണ സമിതി

കവളപ്പാറ മൂപ്പിൽനായർ കുടുംബത്തിന്റെ ഷൊർണ്ണൂർ-കുളപ്പുള്ളിയിലുള്ള അന്തിമഹാകാളൻകാട് നമ്മുടെ സമ്പന്നമായ പൈതൃകത്തിന്റെ അമൂല്യ തിരുശേഷിപ്പാണെന്നും അതേറ്റെടുത്ത് സംരക്ഷിക്കണമെന്നും ഭാരതപ്പുഴ സംരക്ഷണ സമിതിയുടെ ഒരു പ്രസ്താവനയിൽ ആവശ്യപ്പെട്ടു. കുളപ്പുള്ളി-പട്ടാമ്പി റോഡിൽ സെന്ററിൽനിന്ന് ഒരു കിലോമീറ്റർ അകലെ വലതുവശത്തുള്ള മലഞ്ചെരുവിലെ അന്തിമഹാകാളൻകാവു വക 138 ഏക്കർ വിസ്തൃതിയിലുള്ള കാട് കവളപ്പാറ കുടുംബത്തിന്റേതാണ്. അതു നേരത്തെ 9 അംഗങ്ങളുടെ അവകാശത്തിൽ 500 ഏക്കർ വിസ്തൃതമായിരുന്നു. എന്നാൽ, കാലക്രമത്തിൽ അത് 74 അവകാശികളുടേതായിത്തീർന്നു. കയ്യേറിയും അന്യാധീനപ്പെട്ടും മരം മുറിച്ചു കടത്തിയും ഒക്കെയാണ് ഈ വനം ഇത്ര കണ്ടു ശുഷ്കിച്ചത്. ഇപ്പോഴും ചില അവകാശികൾ കിട്ടുന്ന വിലയ്ക്ക് വിൽക്കുവാനുള്ള ശ്രമവും നടത്തുന്നുണ്ട്. വനം മാഫിയയും ഇവർക്ക് തുണയായുണ്ട്. അന്തിമഹാകാള (ശിവൻ) ന്റെ വേട്ടയ്ക്കുള്ള കാടാണിത് എന്നാണ് സങ്കല്പം. ക്ഷേത്രത്തിൽ പലപ്പോഴായി നടയിരുത്തിയ 50-ൽപ്പരം കാളകൂറ്റന്മാരെ ഈ കാട്ടിൽ വിട്ടിട്ടുണ്ട്. അടുത്ത കാലത്ത് പല ദുഃസൂചനകളും കണ്ടപ്പോൾ ക്ഷേത്രത്തിൽ പ്രശ്നം വച്ചു നോക്കിയപ്പോൾ കാട് അവഗണിയ്ക്കുന്നതുമൂലമാണിതെല്ലാം എന്ന വെളിപാട് കൊട്ടാരം അംഗങ്ങളിൽ പരിഭ്രാന്തി പരത്തിയിട്ടുണ്ടത്രെ! ഇത് ഭാരതപ്പുഴയുടെ നദീതടത്തിലെ അവശേഷിച്ചിട്ടുള്ള ഒരു പ്രധാന കാടാണ്. ഇത്തരം കാടുകളാണ് ഭാരതപ്പുഴയിലെ നീരൊഴുക്ക് നിലനിർത്തുന്നത്. ഷൊർണൂർ നഗരസഭാതിർത്തിയിലുള്ള ഒരു പ്രധാന ജലസ്രോതസ്സാണ് ക്ഷേത്രത്തിനടുത്തുള്ള അഞ്ചേക്കർ വിസ്തൃതിയുള്ള അന്തിമഹാകാളൻ ചിറ. നിരവധി ആളുകൾ കുളിക്കുന്നതിന് ഇത് ഉപയോഗിക്കുന്നു. 2004-ൽ സി.പി. മുഹമ്മദ് എം.എൽ.എയുടെ ഫണ്ടുപയോഗിച്ച് ഇത് ശുദ്ധീകരിച്ചു. കാട്ടിൽനിന്ന് ഉത്ഭവിക്കുന്ന ഒരു അരുവി ചിറക്കു സമീപം കൂടി ഒഴുകുന്നുണ്ട്. ഈ ചിറയുടെ ജലസമൃദ്ധിക്ക് നിദാനം ഈ കാടാണ്. വളരെയേറെ ജൈവവൈവിദ്ധ്യമുള്ള ഒരു കാടാണിത്. കാളകൂറ്റന്മാരെ കൂടാതെ കുറുനരികളും കാട്ടുപൂച്ചയും വെരുകും ചില പ്രത്യേകതരം ചിത്രശലഭങ്ങളും ഇവിടെയുണ്ടെന്ന് കാട്ടിൽ ചുള്ളിയൊടിക്കാൻ പോകുന്ന സമീപവാസികളായ സ്ത്രീകൾ പറയുന്നു. വംശനാശം നേരിടുന്ന സർപ്പഗന്ധി (അമൽപൊരി) ഓരില, വീട്ടി, വേങ്ങ, പലജാതി മരങ്ങൾ, വള്ളികൾ എന്നിവയും കാട്ടിലുണ്ട്. 2001-ലെ സൂക്ഷ്മ ചൈതന്യമാർന്ന പ്രദേശങ്ങൾ ഏറ്റെടുക്കലും സംരക്ഷിക്കലും അനുസരിച്ച് ഈ കാടും ഏറ്റെടുക്കുന്നതിന് 2002-ൽ വനംവകുപ്പ് വിജ്ഞാപനം പുറപ്പെടുവിച്ചതാണെങ്കിലും തുടർനടപടികളൊന്നുമുണ്ടായിട്ടില്ല. ഇപ്പോൾ പ്രസ്തുത വനം ആരുടെയും സംരക്ഷണത്തിലല്ല. തന്മൂലം രാത്രികാലങ്ങളിൽ പലരും മരം മുറിച്ചുകൊണ്ടുപോകുന്നുണ്ട്. നഗരമാലിന്യങ്ങൾ കാട്ടിൽ കൊണ്ടുവന്നു നിക്ഷേപിക്കുന്നുമുണ്ട്. ഈ സാഹചര്യത്തിൽ ഈ കാട് ഏറ്റെടുത്ത് സംരക്ഷിക്കുവാൻ ഗവൺമെന്റ് അടിയന്തിര നടപടി കൈക്കൊള്ളണമെന്ന് പ്രസ്താവനയിൽ തുടർന്നാവശ്യപ്പെടുന്നു. പ്രദേശത്തെ ജനങ്ങളും ഈ ആവശ്യവുമായി മുന്നോട്ട് വന്നിട്ടുണ്ട്.

## അതിരപ്പിള്ളി ഏകപക്ഷീയം!



കേരളീയം അതിരപ്പിള്ളി പതിപ്പ് (ലക്കം 6, ജൂൺ 2006) കിട്ടി. കുടിവെള്ളം പരിസ്ഥിതി, ജലസേചനം, ആദിവാസി, ടൂറിസം, തൊഴിൽ സാമ്പത്തികം, വൈദ്യുതി ബോർഡ് കടക്കെണി തുടങ്ങിയ കാര്യങ്ങളിലൂടെ വിശദമായ അവതരിപ്പിച്ചത് നന്നായി. എന്നാൽ ഏകപക്ഷീയമായി (വൈദ്യുതി ബോർഡ്) വിശദീകരണം കൂടുതലും പദ്ധതിയ്ക്കെതിരായി മാത്രം (എന്നാൽ ആശങ്കകൾ അസ്ഥാനത്താണ് എന്ന കെ.എസ്.ഇ.ബി. ഓഫീസ് അസോസിയേഷൻ സംസ്ഥാന സെക്രട്ടറിയുടെ വിശദീകരണം ചേർത്തത് ഉചിതമായി). കൂടുതൽ വിശകലനങ്ങൾ തുടർന്ന് പ്രതീക്ഷിക്കുന്നു.

*സജീവൻ, മേലഡൂർ, മാള*

## സൈക്കിൾ

സൈക്കിൾ പതിപ്പ് വായിച്ചു. ഗംഭീരമായിരിക്കുന്നു. 'സൈക്കിൾ പുസ്തക'ത്തെക്കുറിച്ച് അറിയാൻ താൽപര്യം അറിയിക്കുമല്ലോ.

*നിസാർ കാടരി*

## ജീവിതം മാറ്റിയ സൈക്കിൾ

കേരളവർമ്മയിലെ മലയാളം എം.എ. വിദ്യാർത്ഥി അനൂപിന്റെ ഉഭയജീവിതം എന്ന പുസ്തകം മലയാളവിഭാഗം പ്രസിദ്ധീകരിച്ചിട്ടുണ്ട്. പാലക്കാട് നിന്ന് കോളേജിലേയ്ക്ക് സൈക്കിളിലാണ് വരിക. ഈ അദ്ഭുതം തമ്പി അവതാരികയിൽ സൂചിപ്പിക്കുന്നു. "പത്രങ്ങൾ ചരിത്രത്തിൽ വരുത്തിയ മാറ്റംപോലെ സൈക്കിൾ ജീവിത്തിൽ വലിയ മാറ്റങ്ങൾ വരുത്തി" അനൂപ് ആമുഖമായി എഴുതിവെച്ചു. സമാഹാരത്തിൽ സൈക്കിൾ വിഷയമായി കവിതയൊന്നും ഇല്ല. ആൾ ഒരു സൈക്കിൾ അനുഭവം ആവശ്യപ്പെട്ടാൽ എഴുതിത്തന്നേക്കും.

സൈക്കിൾ പുസ്തകം പരസ്യം കണ്ടു. അതു വിഷയമായ എന്തെങ്കിലും ശ്രദ്ധയിൽ വന്നാൽ അറിയിക്കാം.

*സെലീംരാജ്, തളിക്കുളം*

## പ്ലാച്ചിമട ചോദ്യാവലി

കേരളീയം-പ്ലാച്ചിമട ചോദ്യാവലി 2006 കിട്ടി. നന്ദി. പ്രസ്തുത ചോദ്യാവലിയിലെ ചോദ്യങ്ങൾ തികച്ചും വിഭാഗീയവും അവ്യക്തവുമായിരിക്കയാൽ മറുപടി എഴുതുന്നതിന് സാദ്ധ്യമാവുകയില്ലെന്ന് അറിയിക്കുന്നതിൽ ഖേദമുണ്ട്.

*ടി.പി. യാക്കൂബ്, കോഴിക്കോട്*

## ആണവ വൈദ്യുതിയോ?

ഊർജ്ജപ്രതിസന്ധിയ്ക്ക് ജലവൈദ്യുത പദ്ധതികൾ വേണ്ടെന്ന് പറഞ്ഞാൽ ആണവലോബിയ്ക്കുവേണ്ടിയാകുമെന്ന് ആനന്ദ് പറഞ്ഞതായി 'മലയാളം' വാരികയിൽ കണ്ടു. അതിരപ്പിള്ളി പദ്ധതി വേണ്ട എന്ന് 'കേരളീയം' പറയുമ്പോൾ ഭാഗ്യവശാൽ അതിൽ ബദൽ സാദ്ധ്യതകൾ പലതും പറയുന്നതിനാൽ (സൂര്യപ്രകാശം, കാറ്റ്.....), അതും പ്രായോഗികമായി ഉടനെ വിജയിപ്പിക്കാവുന്നത് ആയതിനാൽ, കേരളീയം ആണവ വാദികളെന്ന ആരോപണത്തിൽനിന്ന് കഷ്ടിച്ച് രക്ഷപ്പെട്ടു. എന്നാൽ ആണവ അപകടങ്ങളെക്കുറിച്ച് വിശദമായ പഠനക്കുറിപ്പുകൾ ഇനിയും വേണ്ടതുണ്ട്.

*ഗിരീഷ് സി.കെ., അക്കിക്കാവ്*